ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. 1935 വരെ കോൺഗ്രസ്സിൽ പ്രവർത്തിച്ച ശ്രീ. നായർ പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു പ്രവർത്തിക്കുകയും കർഷകസംഘങ്ങൾ സംഘടിപ്പിക്കുന്നതിൽ നിസ്തുലമായ പങ്ക് വഹിക്കുകയും ചെയ്തു. കുറേക്കാലം അദ്ദേഹം കേരള കർഷകസംഘത്തിന്റെ ഖജാൻജിയായിരുന്നു. 1939-ൽ അദ്ദേഹം ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായിച്ചേർന്ന് പാർട്ടിയുടെ വളർച്ചയ്ക്കുവേണ്ടി വിലപ്പെട്ട സംഭാവനകൾ നൽകി. 1957ലും 1960ലും അദ്ദേഹം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്ന് കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സാമൂഹ്യസേവന പ്രവർത്തനങ്ങളിലും സഹകരണപ്രസ്ഥാനത്തിലും അതീവ താൽപ്പര്യം പ്രകടിപ്പിച്ചിരുന്ന ശ്രീ. നായർ പ്രഗൽഭനായ ഒരു പാർലമെന്റേറിയനും കൂടി ആയിരുന്നു.

പരേതരായ ഈ ബഹുമാന്യ വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ വിമുക്ത ഭടൻമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ സംസ്ഥാനത്തെ വിമുക്ത ഭടൻമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്ക് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാതൃരാജ്യത്തിനുവേണ്ടി തങ്ങളുടെ ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടങ്ങൾ സേവനം ചെയ്തിട്ടുള്ള ഇവർ അതിനുശേഷം തിരിച്ചുവന്ന് അനുഭവിക്കുന്ന 'ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും പരിഹരിക്കുന്നതിന് അടിയന്തിരമായി ചില നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിമുക്തഭടൻമാരെ പുനരധിവസിപ്പിക്കുന്നതിന്, അവർക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് ഇന്ന് ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അതിന് വളരെയേറെ പരിമിതികളുണ്ട്. ആ പരിമിതികൾക്കുപരിയായി ഇവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് സൈനിക ക്ഷേമ ബോർഡുകളുണ്ടെങ്കിലും അതിന്റെ പ്രവർത്തനം പൂർണ്ണമായും തൃപ്തികരമാണെന്ന് പറയാൻ സാധിക്കുകയില്ല. ഇന്ന് അവർക്ക് ലഭിക്കുന്ന തൊഴിലവസരങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത് ഇവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിക്കണമെന്നുള്ളതാണ്. ഇന്ന് അതിനുവേണ്ടിയുള്ള പരിപാടികൾ വളരെ ചുരുക്കമാണ്. ബാങ്കുകളുടെ ദയാദാക്ഷിണ്യത്തിന് വിധേയമായിട്ട് ചില പരിപാടികൾക്കുവേണ്ടി കാത്തിരിക്കുക എന്നതിൽ കവിഞ്ഞ് കാര്യമായിട്ടുള്ള പരിപാടികളൊന്നുമില്ല. അതുകൊണ്ട് മാതൃരാജ്യത്തിനുവേണ്ടി വളരെയേറെ ത്യാഗങ്ങൾ സഹിച്ച് കഷ്ടപ്പാടുകൾ സഹിച്ച് സേവനം ചെയ്തിട്ടുള്ള ഇവർ ആ സേവനം കഴിഞ്ഞ് തിരിച്ചുവന്ന് കഴിച്ചുകൂട്ടേണ്ട കാലഘട്ടത്തിൽ അവർക്ക് ആവശ്യമായിട്ടുള്ള സംരക്ഷണം നൽകുന്നതിനുള്ള കാര്യങ്ങളിൽ എനിക്ക് മൂന്ന് നിർദ്ദേശങ്ങളാണ് വയ്ക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവർക്ക് സ്വന്തമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിക്കുക, അവർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന തൊഴിലവസരങ്ങളിൽ കൂടുതൽ ലഭ്യമാകുന്ന സാഹചര്യങ്ങൾ ഉണ്ടാക്കുക, അവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ കുറെക്കൂടി വിപുലപ്പെടുത്തുക, അവരുടെ സംഘടനകളുടെ പ്രതിനിധികളുമായി കൂടിയാലോചിച്ച് ഈ മൂന്നു പരിപാടികൾക്കും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് അതിനാവശ്യമായി പരിപാടികൾ ആവിഷ്കരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നമ്മുടെ രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ജീവിതത്തിന്റെ നല്ലകാലം സേവിച്ചശേഷം അതേ അവസ്ഥയിൽ മറ്റു ജീവനക്കാരെപ്പോലെ അത്രയും കാലം സേവനം ചെയ്യാൻ അവസരമില്ലാതെ വരുന്നതിന്റെ ഫലമായി പിരിഞ്ഞു വരുന്ന വിമുക്തഭടൻമാർക്ക് സംരക്ഷണം നൽകുക, സഹായം നൽകുക എന്നുള്ളത് രാജ്യത്തിന്റെ മൗലികമായ കർത്തവ്യമാണ്. ആ കർത്തവ്യത്തെക്കുറിച്ച് ഈ ഗവൺമെന്റിന് തികച്ചും ബോധമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എത്രയും പദ്ധതികൾ ഇതിനകംതന്നെ എക്സ്-സർവ്വീസ്മെൻ-നുവേണ്ടി ആവിഷ്കരിച്ചു കഴിഞ്ഞിട്ടുണ്ട്. ഞാൻ അതിന്റെ ചെറിയ ഒരു വിവരണം ഇവിടെ നൽകാം.

നിശ്ചിത കാലയളവിലെ സേവനത്തിനുശേഷം പ്രതിരോധ സേനയിൽ നിന്നും പിരിഞ്ഞുവരുന്നവരെ മാത്രമായി വിമുക്തഭടൻമാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിവിധ തരത്തിലുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. ഇപ്പോൾ നൽകി വരുന്ന തൊഴിൽ പരിശീലനത്തിന് പുറമെ ദേശവൽകൃത ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് പലിശയിൽ എട്ടു ശതമാനം വരെ സബ്സിഡി നൽകുന്നതിനും ഒരു പദ്ധതിയുണ്ട്. ചെറുകിട വ്യവസായം തുടങ്ങുന്നവർക്ക് 2,000 രൂപവരെ സബ്സിഡി നൽകിവരുന്നുണ്ട്. അംഗീകൃത തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിമുക്തഭടൻമാർക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനും സ്വന്തമായി വാണിജ്യവ്യവസായങ്ങൾ തുടങ്ങുന്ന വിമുക്തഭടൻമാർക്ക് സഹായധനമോ വായ്പയോ നൽകുന്നതിനും സംസ്ഥാന അമാൽഗമേറേഡ് ഫണ്ടിന് വിവിധ പരിപാടികളുണ്ട്. ഇതുകൂടാതെ വിമുക്തഭടൻമാർക്കുവേണ്ടി 4-5 ശതമാനം വ്യാവസായിക പ്ലോട്ടുകൾ സംവരണം ചെയ്യുന്നുണ്ട്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞത് പത്തു ശതമാനം സ്റ്റാളുകളും ബങ്കുകളും സംവരണം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ അംഗീകൃത ഭക്ഷൻ ഷോപ്പുകൾ അനുവദിക്കുന്ന കാര്യത്തിലും വിമുക്തഭടൻമാർക്ക് മുൻഗണന നൽകിവരുന്നുണ്ട്. കേരള ആട്ടോമൊബൈൽസിൽ പ്രതിമാസം നിർമ്മിക്കുന്നതിൽ പത്തു ശതമാനത്തിൽ കവിയാതെയുള്ള ആട്ടോറിക്ഷകൾ വിമുക്തഭടൻമാർക്ക് പ്രത്യേകമായി നൽകിവരുന്നുണ്ട്. വ്യവസായ സംരംഭകരായ വിമുക്തഭടൻമാർക്ക് കിഡ്കോയുടെയും മാനേജുമെന്റ് ഡവലപ്പ്മെന്റ് സെന്ററിന്റെയും സഹായത്തോടു യഥാക്രമം എറണാകുളത്തും കോഴിക്കോട്ടും വച്ച് പരിശീലനം നൽകിവരുന്നുണ്ട്. പ്രസ്തുത പരിശീലന പരിപാടികളിൽ മുപ്പതു വിമുക്തഭടൻമാർ വീതം പങ്കെടുക്കുന്നുണ്ട്. ഇതിനുപുറമെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവുകൾ പ്രധാനമായും ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് ബാങ്കുകളും സംസ്ഥാന ദേശവൽകൃത ബാങ്കുകളും സംസ്ഥാന വ്യവസായ വകുപ്പുമാണ് വഹിക്കുന്നത്. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന വിമുക്ത ഭടൻമാർക്ക് പ്രതിമാസം 250 രൂപ വീതം സംസ്ഥാന അമാൽഗമേറേഡ് ഫണ്ടിൽനിന്നും സഹായം നൽകുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിമുക്തഭടൻമാർക്ക് ഇപ്പോൾ നൽകിവരുന്ന സഹായത്തിനുപുറമെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് അവരെ പരിശീലിപ്പിക്കുന്ന ഒരു പദ്ധതി (പെക്സം) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ ലഭിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായിക്കുന്ന വിധത്തിൽ സായുധസേനയിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞവരെയും വിമുക്തഭടൻമാരെയും പരിശീലിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ്. പെക്സം എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന സ്വയംതൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി വിമുക്തഭടൻമാരെ പരിശീലിപ്പിക്കുന്ന പദ്ധതി. വിമുക്തഭടൻമാരെ ഈ പദ്ധതിയിൽ പരിഗണിക്കുന്നു. 50 വയസ്സിനു താഴെയുള്ള ജൂനിയർ കമ്മീഷൻ റാങ്കിലോ മറ്റു റാങ്കിലോ ഉള്ള സമാനരായവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അർഹരാണ്. ഈ പദ്ധതിപ്രകാരം പരിശീലനം നൽകുന്നതിന് ജില്ലയിൽ തിരഞ്ഞെടുക്കുമ്പോൾ വിമുക്തഭടൻമാരുടെ കോൺസൻട്രേഷനും പരിശീലനത്തിനുള്ള സൗകര്യങ്ങളും അനുബന്ധമായ പിന്നോക്കാവസ്ഥയും സ്വയം തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിൽ പ്രസ്തുത ജില്ലയ്ക്കുള്ള സാദ്ധ്യതയും നിർമ്മിക്കുന്ന വസ്തുക്കൾ തൊട്ടടുത്തുള്ള വിപണിയിൽ വിറ്റഴിക്കുന്നതിനുള്ള സാദ്ധ്യതയും കണക്കിലെടുക്കുന്നതാണ്.

സർ, ഈ പരിശീലന പദ്ധതിയുടെ ചെലവ് 50 ശതമാനം സ്റ്റേറ്റും 50 ശതമാനം കേന്ദ്രവും എന്നുള്ള അനുപാതമനുസരിച്ചാണ് വഹിക്കുന്നത്. 1986–87 ലേക്ക് ചെലവുവഹിക്കുന്നത് സംസ്ഥാന ഗവൺമെൻറിൻെറ ഫണ്ടിൽ നിന്നാണ്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയും, ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ സൈനിക ക്ഷേമ ഓഫീസർ കൺവീനറായും ജില്ലാ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിശീലനത്തിനുള്ളവരെ തിരഞ്ഞെടുക്കുന്നതു കേന്ദ്ര പുനരധിവാസ ഡയറക്ടർ, ജില്ലാ സൈനിക് ക്ഷേമ ഓഫീസർ, ജില്ലാ റൂറൽ ഡവലപ്പ്മെൻറ് ഏജൻസി, ജില്ലയിലെ ലീഡിംഗ് ബാങ്ക്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവകൂടി ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ്. ഈ പദ്ധതിപ്രകാരം പരിശീലനം ലഭിക്കുന്നവർക്ക് സെക്യൂരിറ്റിയോ മാർജിൻ മണിയോ കൂടാതെ 25,000 രൂപവരെ മുൻഗണനാടിസ്ഥാനത്തിൽ വായ്പ കൊടുക്കുന്നതിന് എല്ലാ ദേശസാൽകൃത ബാങ്കുകൾക്കും റിസർവ്വ് ബാങ്കിൻെറ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സംസ്ഥാനത്ത് പരീക്ഷണമെന്നുള്ള നിലയിൽ തിരുവനന്തപുരത്ത് "പെക്സം" സ്കീമിൽ T.V. Repair, Wireman, Electrician, Refrigerator mechanic ഗാർഹികഉപകരണങ്ങളുടെ റിപ്പയർ എന്നിവയിൽ നാലുമാസത്തെ പരിശീലനം നൽകുന്നതാണ്. താൽപ്പര്യമുള്ള വിമുക്തഭടൻമാർ കൂടുതൽ ഉണ്ടെങ്കിൽ ആട്ടോറിക്ഷാ ഡ്രൈവിംഗ്, പ്ലംബ്രിഫാമിംഗ് എന്നീ തൊഴിലുകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ സംയുക്ത ക്ഷേമ നിധിയും കേന്ദ്ര പ്രതിരോധ വകുപ്പിൻെറ കീഴിലുള്ള പുനരധിവാസ ഡയറക്ടർ ജനറലും തുല്യമായി 75 വിമുക്തഭടൻമാർക്കുവേണ്ടി ചെലവുകൾ വഹിക്കുന്നു. തിരഞ്ഞെടു

LIBRARY ARCHIVES Kerala Legislative Assembly

ക്കപ്പെടുന്ന വിമുക്തഭടൻമാർക്ക് 250 രൂപവീതം സ്റ്റൈപ്പൻറ് നൽകുന്നുണ്ട്. പരിശീലന കേന്ദ്രം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിമുക്തഭടൻമാർക്ക് അനുവദിക്കുന്ന ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് 3,000 രൂപവരെ 'പെക്സം' സബ്സിഡി ലഭിക്കുന്നതാണ്. ഇതിനുപുറമെ എക്സ് സർവ്വീസ്മാൻമാരെ സംബന്ധിച്ചിടത്തോളം അവരെ വാച്ച് ആൻറ് വാർഡ് ആയി സെക്രട്ടേറിയറിലും പബ്ലിക് അണ്ടർടേക്കിംഗ്സിലും നിയമിച്ചിട്ടുണ്ട്. അതുപോലെ തന്നെ അവർക്ക് ജോലി ചെയ്യാൻ സാധിക്കുന്ന മറ്റ് ജോലികൾ വരുമ്പോൾ സാങ്കേതിക പരിജ്ഞാനം ഉള്ളവരെ അവരുടെ സാങ്കേതിക പരിജ്ഞാനത്തിൻറെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പല പബ്ലിക് അണ്ടർടേക്കിംഗ്സിലും അതിനാവശ്യമായ നടപടികളും ആരംഭിച്ചിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സംരക്ഷണം നൽകേണ്ടതുണ്ട്. നമ്മുടെ എല്ലാവരുടേയും കർത്തവ്യമാണ്. ആ കർത്തവ്യം നിർവ്വഹിക്കുന്നതിന് ഗവൺമെൻറ് സന്നദ്ധമാണ്. ഇതിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് അതിൻറെ പ്രതിനിധികളുമായി സംസാരിച്ചതിനുശേഷം അവർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ രൂപംകൊടുത്തിട്ടുണ്ട്. അതിനെസംബന്ധിച്ച് അവരുമായി ചർച്ചചെയ്തതിനുശേഷം ബാക്കിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

IV. സബ്മിഷൻ

(1) കണ്ടത്തുവയൽ ജി. എൽ. പി. സ്കൂൾ കെട്ടിടം

(ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട മാനന്തവാടി വിദ്യാഭ്യാസ സബ് ജില്ലയിൽ കണ്ടത്തുവയൽ ജി. എൽ. പി. സ്കൂൾ പ്രവർത്തിക്കുന്നത് ഇന്ന് ഒരു മദ്രസയിലാണ്. ആ മദ്രസയുടെ ഏറ്റവും അടുത്താണ് പള്ളി നിലകൊള്ളുന്നത്. ഒരു മൂന്ന് മീറ്റർപോലും അകലെയല്ലാതെ തൊട്ട് അടുത്താണ് പ്രവർത്തിക്കുന്നതെന്നു പറയുന്നത് തന്നെ വളരെ വിഷമകരമായ ഒരുകാര്യമാണ്. ഈ സ്കൂളിനെ സംബന്ധിച്ചിടത്തോളം അത്, വളരെ സ്വതന്ത്രമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കേണ്ട ഒരു കാര്യമാണ്. അതുമാത്രമല്ല വളരെയധികം ശബ്ദംമുട്ടുന്ന ഒരു അന്തരീക്ഷത്തിലാണ് സ്കൂൾ ഇപ്പോഴും പ്രവർത്തിച്ച് വരുന്നത്. ആ നാട്ടുകാരുടെ ഒരു പ്രത്യേക സൻമനോഭാവത്തിൻറെ പേരിൽ മാത്രം, മുസ്ലീം സമുദായത്തിൻറെ ഒരു പ്രത്യേക സൻമനോഭാവത്തിൻറെ പേരിൽ ആ സ്കൂൾ നടന്നു പോകുന്നതാണ്. ഈ സംസ്ഥാനത്ത് തന്നെ അങ്ങനെ ഒരു സ്ഥിതിവിശേഷം ഉണ്ടാകുമോയെന്ന് സംശയമാണ്. നാട്ടുകാർ ഒരു ഓടമ്പറഥി ഷെഡ്ഡ് ഉണ്ടാക്കിയിരിക്കുന്നു. അത് പൊളിഞ്ഞുപോയി. ഇപ്പോൾ വീണ്ടും നടത്തുന്നത് ആ മദ്രസയിലാണ്. ഇത്രയും ഗുരുതരമായ അവസ്ഥയിൽ മറ്റൊരു സ്ഥലത്തും സ്കൂൾ നടത്തപ്പെടുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥമാണ്. അതുകൊണ്ട് ആ കണ്ടത്തുവയൽ ജി. എൽ. പി. സ്കൂളിന് എത്രയുംവേഗം കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കണമെന്ന് ഞാൻ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly